സ്കൂൾ ബസ്സിൽ നിന്നും തെറിച്ച് വീണ് കുട്ടിയ്ക്ക് പരിക്കേൽക്കാൻ ഇടയായ സംഭവത്തിൽ ഡ്രൈവർ അറസ്റ്റിൽ. ആലുവ നാലാം മൈൽ പാറേക്കാട്ടിൽ വീട്ടിൽ അനീഷ് (46) നെയാണ് എടത്തല പോലീസ് അറസ്റ്റ് ചെയ്തത്. വ്യാഴാഴ്ച വൈകിട്ട് പേങ്ങാട്ടുശ്ശേരി ജംഗ്ഷനിൽ വച്ചായിരുന്നു സംഭവം. സ്കൂൾ ബസ്സിന്റെ എമർജൻസി ഡോർ ശരിയായ വിധത്തിൽ ഉറപ്പിക്കാത്തതുമൂലം കുട്ടി റോഡിൽ തെറിച്ച് വീഴുകയായിരുന്നു.

.